LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പരസ്യങ്ങൾ

41 (44) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സർക്കാരിന്റെ നേട്ടങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി പത്ര-ദൃശ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ വഴി 2020 ഡിസംബർ 1 മുതൽ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വരുന്നതുവരെ പരസ്യങ്ങൾ നൽകിയിരുന്നോ?

2020 ഡിസംബർ 1 മുതൽ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വരുന്നതുവരെ സർക്കാർ പരസ്യങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ നൽകിയിട്ടുണ്ട്. സോഷ്യൽ മീഡിയ മുഖാന്തരം പരസ്യങ്ങൾ നൽകിയിട്ടില്ല.

(ബി) പ്രസ്തുത പരസ്യത്തിനായി ഓരോ ഇനത്തിലും എന്ത് തുക ചെലവഴിച്ചു; വിശദാംശം നൽകുമോ?

പ്രസ്തുത പരസ്യങ്ങൾ നൽകിയ വകയിൽ മാധ്യമ സ്ഥാപനങ്ങൾ ബില്ലുകൾ വകുപ്പിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരസ്യ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സർക്കാർ പരസ്യങ്ങൾ

42 (45) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.ആർ.ഡി. മുഖേനയും അല്ലാതെയും വിവിധ ദേശീയ സംസ്ഥാന ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നൽകിയ വകയിൽ എത്ര തുകയാണ് അനുവദിച്ചത്; എത്ര തുക ചെലവഴിച്ചു; സർക്കാർ ഉത്തരവുകളുടെ പകർപ്പ് അടക്കം വെളിപ്പെടുത്തുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.ആർ.ഡി. മുഖേന വിവിധ ദേശീയ സംസ്ഥാന ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നൽകിയ വകയിൽ പരസ്യക്കുലി നൽകുന്നതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയും ആയതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-2 ആയും ചേർക്കുന്നു.* ടൂറിസം ഒഴികെയുള്ള എല്ലാ സർക്കാർ വകുപ്പുകളും പി.ആർ.ഡി. മുഖേനയാണ് പരസ്യങ്ങൾ നൽകിവരുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ വകുപ്പുകൾ നേരിട്ടും പരസ്യങ്ങൾ നൽകാറുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.